## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3873

12.12.2018- ൽ മറുപടിയ്ക്ക്

### പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. വി.ഡി.സതീശൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എത്ര പ്രവാസികൾ ഇതിനകം ക്ഷേമനിധിയിൽ അംഗത്വമെടുത്തു; | എ) | 2009-ൽ പ്രവർത്തനമാരംഭിച്ച കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ച് പ്രവർത്തിച്ച് വരികയും ആക്ട് വിഭാവനം ചെയ്തിട്ടുള്ള ക്ഷേമ പദ്ധതികളായ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം എന്നിവ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ബോർഡിന്റെ പ്രവർത്തനം ബോർഡ് മീറ്റിംഗുകളിൽ അവലോകനം ചെയ്യാറുണ്ട്. 2018 നവംബർ വരെ 3,37,420/- പേർ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്. |
| ബി) | പ്രവാസി ക്ഷേമനിധിയിൽ അംഗമായി ചേരുന്നവർക്ക് ഇപ്പോൾ എന്ത് തുകയാണ് പെൻഷനായി അനുവദിക്കുന്നത്; | ബി) | അർഹരായ അംഗങ്ങൾക്ക് മിനിമം പെൻഷൻ തുകയായി 2000/- രൂപ പ്രതിമാസം അനുവദിച്ച് വരുന്നു. 5 വർഷത്തിൽ അധികം അംശദായം അടയ്ക്കുന്നവർക്ക് അധികമായി അടച്ച ഓരോ വർഷത്തേയ്ക്കും മിനിമം പെൻഷൻ തുകയുടെ 3%-ന് തുല്യമായ തുക കൂടി പെൻഷനായി നൽകി വരുന്നു. ഇപ്രകാരം 5 വർഷത്തിലധികം അടയ്ക്കുന്നവർക്കുള്ള പരമാവധി പെൻഷൻ തുക 4000/- രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ട്. |
| (സി) | എല്ലാ ക്ഷേമപെൻഷനുകളും 1000 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ പ്രവാസി ക്ഷേമനിധിയിൽനിന്നുള്ള പെൻഷനും | സി) | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ നിന്നും നിലവിൽ പ്രതിമാസം 2000/- രൂപയാണ് പെൻഷനായി |

| | | | |
|---|---|---|---|
| | കാലോചിതമായി പുതുക്കുന്നതിന് നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്തുമോ; | | അനുവദിച്ചു വരുന്നത്. 2017 സെപ്റ്റംബർ മാസത്തിലാണ് ഇത് 2000/- രൂപയാക്കി ഉയർത്തിയത്. |
| ഡി) | പ്രവാസികൾക്ക് ഭവനനിർമ്മാണത്തിന് പ്രത്യേക പദ്ധതി പരിഗണിക്കുമോ; | ഡി) | 'പ്രൊട്ടക്റ്റഡ് വില്ലേജ്' പദ്ധതി എന്ന പേരിൽ ബോർഡ് സമർപ്പിച്ച ഒരു പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| ഇ) | പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക-റൂട്ട്സ് നടപ്പിലാക്കുന്ന പദ്ധതികൾ പ്രവാസികൾക്ക് ഗുണകരമല്ല എന്ന പരാതി പരിഹരിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ പോകുന്നതെന്ന് വിശദമാക്കുമോ? | ഇ) | ഇത്തരത്തിലൊരു ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ